പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5903 — 09.7.2012 ൽ മറുപടിയ്ക്ക്

**ഭൂമിയിലെ ന്യായവില നിശ്ചയിക്കുന്നതിലെ അപാകതകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ :<br>ശ്രീ.ജോസഫ് വാഴക്കൻ :<br>ശ്രീ.വർക്കല കഹാർ :<br>ശ്രീ.പി.എ.മാധവൻ : | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച പരാതികൾ കേൾക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നല്കുമോ;<br><br>(ബി) എത്ര ദിവസങ്ങൾക്കുള്ളിൽ പ്രസ്തുത അപാകതകൾ പരിഹരിക്കാനാകുമെന്നാണ് കരുതുന്നത് ; വ്യക്തമാക്കാമോ ? | (എ) & (ബി) 06-03-2010 ലെ കേരള ഗസറ്റ് അസാധാരണം നം.515 നമ്പരായി സംസ്ഥാനത്തെ 21 റവന്യു ഡിവിഷനുകളിലെയും ഭൂമിയുടെ ന്യായവില, ബന്ധപ്പെട്ട റവന്യു ഡിവിഷണൽ ഓഫീസർമാർ നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇപ്രകാരം നിജപ്പെടുത്തിയ ന്യായവിലയിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ തത്പരകക്ഷികൾക്ക് അത് സംബന്ധിച്ച അപ്പീൽ, 1959 ലെ കേരള മുദ്രപ്പത്ര നിയമം 28 എ(4) വകുപ്പ് അനുസരിച്ച് നിശ്ചിത ഫോറത്തിൽ (ഫോറം ബി) ജില്ലാ കളക്ടർ മുമ്പാകെ ബോധിപ്പിക്കാവുന്നതാണ്. 25-10-2010 ലെ 18791/Leg.A2/2010/Law നമ്പർ വിജ്ഞാപനം പ്രകാരം (ഓർഡിനൻസ്) കേരള മുദ്രപ്പത്ര നിയമത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച്, ന്യായവില സംബന്ധിച്ച അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി 3 മാസത്തിൽ നിന്ന് ഒരു വർഷത്തേക്ക് നീട്ടിയിട്ടുണ്ട്. കൂടാതെ, മതിയായ കാരണമുണ്ടെന്ന് കളക്ടർക്ക് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ ടി കാലാവധിക്ക് ശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും പരിഗണിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>ഭൂമിയുടെ ന്യായവില നിർണ്ണയിച്ചതിലുള്ള അപാകതകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി, സർക്കാർ, 28-12-2011 -ലെ 951-ാം നമ്പർ മന്ത്രിസഭാ തീരുമാനപ്രകാരം, താഴെപ്പറയുന്ന മന്ത്രിമാരടങ്ങുന്ന മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |

i) ധനകാര്യ - നിയമ - ഭവന നിർമ്മാണവകുപ്പു മന്ത്രി.

ii) വ്യവസായ - വിവര സാങ്കേതിക വിദ്യ-നഗരകാര്യ വകുപ്പു മന്ത്രി

iii) റവന്യു - വിജിലൻസ് വകുപ്പു മന്ത്രി

iv) തൊഴിലും പുനരധിവാസവും, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃ സംരക്ഷണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി - കൺവീനർ

11-05-2012 ലെ ജി.ഒ.(ആർ.റ്റി) നം.350/2012/നി.വ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച്, ടി മന്ത്രിസഭാ ഉപ സമിതിയെ, താഴെ പറയും പ്രകാരം പുന സംഘടിപ്പിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്.

i) ധനകാര്യ - നിയമ - ഭവന നിർമ്മാണ വകുപ്പു മന്ത്രി.

ii) വ്യവസായ - വിവര സാങ്കേതിക വിദ്യ വകുപ്പു മന്ത്രി

iii) റവന്യു - കയർ വകുപ്പു മന്ത്രി

iv) ഭക്ഷ്യ- പൊതുവിതരണ , ഉപഭോക്തൃ സംരക്ഷണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി - കൺവീനർ

06-06-2012 ലെ 1793-ാം നമ്പർ മന്ത്രിസഭാ തീരുമാനപ്രകാരം, താലൂക്കുകളിൽ ചെന്ന് ജില്ലാ കളക്ടർമാർ പൊതുജന അഭിപ്രായം കേട്ട് നിലവിലുള്ള ഫെയർ വാല്യു നിർണ്ണയത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് മൂന്ന് മാസത്തിനുള്ളിൽ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കണമെന്നും, പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്. പിന്നേയും വ്യക്തിഗത അപ്പീലുകൾ നിലവിലുള്ള പക്ഷം, അവ പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം പരിഗണിക്കുന്നതാണെന്നും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ